# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാളകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ- ഇ.കെ.എം (പി14)1607/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 15/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ- ഇ.കെ.എം (പി14)1607/2023 തീയ്യതി: 15/12/2023

## എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ് (ഓഡിറ്റ് ഓഫീസർ, ഹ ഗ്രേ)
വിജു.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ്.ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോളിമോൻ.സി.വൈ | പ്രസിഡന്റ് | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| ശ്രീ.ബിനോ.കെ.ചെറിയാൻ | പ്രസിഡന്റ് | 01-07-2022 | 31-03-2023 |
| ശ്രീമതി.സുബൈദ.എം.എം | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ.ജയരാജ്.പി.എം | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.യമുന.ബി | അസി.എഞ്ചിനീയർ | 01-04-2022 | 28-09-2022 |
| ശ്രീ.പോളി ഇടയനൽ | അസി.എഞ്ചിനീയർ | 29-09-2022 | 31-03-2023 |
| ശ്രീമതി വിദ്യാ സോമൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ അനു.എസ്.നായർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യ രതീശൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ബിനീഷ.ഇ | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 06-01-2023 |
| ഡോ.സ്നേഹചന്ദ്രൻ | മെഡിക്കൽ ഓഫീസർ.ഹോമിയോ | 07-01-2023 | 31-03-2023 |
| ഡോ.കമൽജിത്ത്.ജെ | മെഡിക്കൽ ഓഫീസർ.എഫ് .എച്ച്.സി,വാളകം | 01-04-2022 | 31-03-2023 |
| ഡോ.വന്ദന ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ.ആയ്യൂർവേദം,വാളകം | 01-04-2022 | 31-03-2023 |
| ഡോ.ഷാജി പൗലോസ് | സിനീയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുപ്രിയ ദേവി.എസ്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിതാ കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.ശശികല.സി.ടി | ഹെഡ്മിസ്ട്രസ്.ഗവ.യു.പി.എസ്.റാക്കാട് | 01-04-2022 | 31-03-2023 |
| ശ്രീമതി.സുബിത.സി.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-2 |
| 4 | എല്ലാ ബാങ്ക് അക്കൌണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം | 1-1-4 |
| 6 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ACR മായും ലെഡ്ജറുമായും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഇ-ടെണ്ടർ ഫോറ വില-വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | വസ്തു നികുതി സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ടു വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി | 1-6 |
| 14 | ക്ഷേമപെൻഷനുകൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 18 | പഞ്ചായത്തിലെ തനത് ഫണ്ട് സമാഹരണം - അവലോകനം | 1-11 |
| 19 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്-വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 20 | ഗ്രാന്റുകൾ വിനിയോഗം ചെയ്യാനവശേഷിക്കുന്നു | 1-13 |
| 21 | ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ-നടപടികൾ സ്വീകരിക്കണം | 1-14 |
| 22 | ഹോമിയോ ഡിസ്പ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ - മരുന്നു പൂർണ്ണമായും ലഭിച്ചില്ല. | 1-15 |
| 23 | മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയ പ്രോജക്റ്റ് – രേഖകൾ ഹജരാക്കിയതിലെ അപാകതകൾ | 1-16 |
| 24 | തൊഴിലുറപ്പു പദ്ധതി കരാറുകാരിൽ നിന്നും ജി.എസ്.ടി /ടി.ഡി.എസ്. ഈടാക്കിയില്ല | 1-17 |

| | | |
|---|---|---|
| 25 | ഫലവൃക്ഷത്തൈനടീലും പരിപാലനവും - പദ്ധതി നടപ്പാക്കൽ ഫലപ്രദമല്ല | 1-18 |
| 26 | പോഷകാഹാരവിതരണം -അപാകതകൾ | 1-19 |
| 27 | മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ -അപാകത | 1-20 |
| 28 | കന്നുകുട്ടി പരിപാലനം -അധികം നല്കിയിട്ടുള്ള തുക തിരികെ ഈടാക്കേണ്ടതാണ്. | 1-21 |
| 29 | മുട്ടക്കോഴി വിതരണം-അപാകത | 1-22 |
| 30 | ടെണ്ടർ നടപടികൾ കൂടാതെ ഫർണ്ണിച്ചർ വാങ്ങി | 1-23 |
| 31 | നെൽകൃഷി വികസനം - സബ്സിഡി അധികം അനുവദിച്ചു | 1-24 |
| 32 | റോഡ് കണക്റ്റിവിറ്റി മാപ്പ് പൂർത്തികരിച്ചില്ല. | 1-25 |
| 33 | റോഡ് നിർമ്മാണ പ്രവൃത്തി അപാകതകൾ | 1-26 |
| 34 | നന്തോട് ജലസേചന പദ്ധതി - അപാകതകൾ | 1-27 |
| 35 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-28 |
| 36 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അവലോകനം | 1-29 |
| 37 | ഓഡിറ്റ് ഇംപാക്റ്റ് | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നന്തോട് ജലസേചന പദ്ധതി - വെള്ളം സ്വകാര്യ കുപ്പിവെള്ള കമ്പനിയ്ക്കു നല്കുന്നു | 3-1 |
| 2 | നെൽകൃഷി വികസനം - സബ്സിഡി അധികം അനുവദിച്ചു | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 ലെ 9/1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.7.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാളകം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാളകം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി : 15/12/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3292467/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3250061/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 എല്ലാ ബാങ്ക് അക്കൌണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും അവ

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ബാങ്ക് അക്കൗണ്ടുകൾ ഏതാവശ്യത്തിനായി തുടങ്ങിയെന്നോ, 31.3.2023 ൽ ഈ അക്കൗണ്ടുകളിൽ എത്ര തുക നീക്കിയിരിപ്പ് ഉണ്ടെന്നോ ഉള്ള വിവരവും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

I) Account No. 857710110008060 (ബാങ്ക് ഓഫ് ഇന്ത്യ)

Ii) Account No. 857710110006653 (ബാങ്ക് ഓഫ് ഇന്ത്യ)

Iii) Account No. 857710110006679 (ബാങ്ക് ഓഫ് ഇന്ത്യ)

കൂടാതെ Account No. 857710110007424 (BMCഅക്കൌണ്ട്) എന്ന ബാങ്ക് അക്കൗണ്ടിലെ 9.02.2023 ലെ നീക്കിയിരുപ്പാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 31.3.2023 ലെ നീക്കിയിരിപ്പ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-4 നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം

ഫെഡറൽ ബാങ്ക് അക്കൗണ്ട്. 10090100432003 പ്രകാരം 31.3.2023 ലെ ബാങ്ക് അക്കൗണ്ട് പ്രകാരവും ബാങ്ക് ബുക്ക് പ്രകാരവും നീക്കിയിരുപ്പ് തുക 13,57,481/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക RP 40 (B) ഷെഡ്യൂളിൽ 12,48,479 /- രൂപയായി ചേർത്തിരിക്കുന്നു. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-5 കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ACR മായും ലെഡ്ജറുമായും പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവുകൾ,നീക്കിയിരിപ്പ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായും ലെഡ്ജറുമായും പൊരുത്തപ്പെടുന്നില്ല.

### 1-1-6 ഇ-ടെണ്ടർ ഫോറ വില-വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല .

### 1-1-7 വസ്തു നികുതി സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് , ബാലൻസ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 24.3.2022 ലെ 1ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 42,47,598 |
| വരവ് | 17,12,60,100 |
| ആകെ | 17,55,07,698 |
| ചെലവ് | 17,46,17,158 |
| നീക്കിയിരിപ്പ് | 8,90,540 |

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,32,27,477 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,03,55,656 |
| ആകെ | : | ₹4,35,83,133 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,70,63,189 |
| നീക്കിയിരുപ്പ് | : | ₹1,65,19,944 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രകയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ

തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ടു വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11377902 | 11377902 | 11357942 | 0 | 19960(Q Bill) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1550188 | 1550188 | 1550188 | 0 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)ട്രഷറി | 0 | 86871 | 86871 | 65898 | 0 | 20973 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)ബാങ്ക് | 1730662 | 3264000 | 4994662 | 3961805 | 1032857 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)ട്രഷറി | 0 | 51187 | 51187 | 50654 | 0 | 533 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)ബാങ്ക് | 120420 | 2275660 | 2396080 | 2180458 | 215622 | |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 28010000 | 28010000 | 24616961 | 0 | 3393039 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 4570000 | 4570000 | 3558058 | 0 | 1011942 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 0 | 1046150 | 1046150 | 392971 | 653179 | |
| ടോട്ടൽ സാനിട്ടേഷൻ ക്യാംപൈൻ | 275293 | 0 | 275293 | 0 | 275293 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ | 2616318 | 0 | 2616318 | 70000 | 2546318 | |
| ബഡ്സ് സ്കൂൾ+ ബയോഡൈവേഴ്സിറ്റി | 486995 | 14162 | 501157 | 0 | 501157 | |
| സാക്ഷരത | 20010 | 546 | 20556 | 0 | 20556 | |
| സാനിട്ടേഷൻ | 117094 | 0 | 117094 | 0 | 117094 | |
| ഹെൽത്ത് ഗ്രാന്റ്(320100202) | | 210862 | 210862 | 112167 | 98695 | |
| ഹെൽത്ത് ഗ്രാന്റ്(320100204) | | 81082 | 81082 | 0 | 81082 | |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | | | | | | |
| നബാർഡ് | 129698 | 0 | 129698 | 0 | 129698 | |

1) അലോട്ട്മെന്റ് കൂടാതെ, ജി. ഒ. പ്രോജക്റ്റിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ₹11,36,098/-, വികസന ഫണ്ട്-എസ്.സി.പി. യിൽ നിന്നും ₹3,83,812/- എന്നിങ്ങനെ വരവ് ചെലവുകൾ വന്നിട്ടുണ്ട്.

2) കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവുകൾ, നീക്കിയിരിപ്പുകൾ ACR മായും ലെഡ്ജറുമായും പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 186 | 11,05,50,941 | 143 | 5,28,81,439 | 18 | 25 | 76.88% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2609 | 759999 | 762608 | 753886 | 8722 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 15594232 | 15594232 | 15594232 | 0 |
| ആകെ | 2609 | 16354231 | 16356840 | 16348118 | 8722 |

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹54,00,600.00 | 456 |
| വിധവാപെൻ ഷൻ | ₹67,52,600.00 | 585 |
| വാർദ്ധക്യകാല പെൻഷൻ | ₹1,48,61,000.00 | 1382 |
| വികലാംഗപെൻഷൻ | ₹21,37,400.00 | 177 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹ 4,81,600.00 | 41 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹ 30,000.00 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 തീയതിയിൽ ഉച്ചയ്ക്ക് 3.30 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 13139 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2021 | 10/2020 മുതൽ 12/2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.06.2016 മുതൽ 20.06.2016 വരെ | 2011-12 മുതൽ 2015-16 വരെ | 18.08.2016 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1. പൊതുമരാമത്ത് പ്രവൃത്തികൾ ഉപയോഗപ്രദമായ രീതിയിൽ പൂർത്തികരിക്കേണ്ടതാണ്. ഉദാ- KWA പൈപ്പ് ലൈൻ സ്ഥാപിച്ച റോഡ് നിർമ്മാണപ്രവർത്തികൾ പലതും ഭാഗികമായാണ് ചെയ്തിട്ടുള്ളത്.
2. ജലസേചന പ്രവൃത്തി നടപ്പാക്കിയതിൽ വളരെയധികം അപാകതകൾ കാണുന്നത് പരിഹരിക്കേണ്ടതാണ്.
3. NREGS പദ്ധതികളുടെ നടത്തിപ്പ് പ്രോജക്റ്റിൽ വിഭാവനം ചെയ്തതുപോലെ നിർവ്വഹിക്കേണ്ടതാണ്.

4. ആസ്തി രജിസ്റ്ററിന്റെ പരിപാലനം

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറ്റുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നു.

## 1-11 പഞ്ചായത്തിലെ തനത് ഫണ്ട് സമാഹരണം - അവലോകനം

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മൂവാറ്റുപുഴ ബ്ലോക്ക് പരിധിയിൽ വാളകം വില്ലേജ് മുഴുവനം , വെള്ളൂർക്കുന്നം വില്ലേജ് ഭാഗികമായും ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്താണ് 23.72 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള വാളകം ഗ്രാമപഞ്ചായത്ത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്നു രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്വയം ഭരണ (ആർ.എ)വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്. എന്നാൽ വാളകം ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് അനുശാസിക്കുന്നു. ഇപ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

വാടക കെട്ടിടങ്ങൾ, ലീസ് ഓഫ് ലാന്റ് (ചാൽ) ഉൾപ്പെടുന്ന ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപെടുത്താൻ സാധിക്കും. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ, ചാലുകളുടെ ലേലം, കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശിപാർശ ചെയ്യുന്നു.
2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. നിലവിൽ ആയത് ഗ്രാമപഞ്ചായത്തിൽ നടത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപെടുത്താൻ സാധിക്കുന്നു. LSG-ന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധന സംവിധാനം നടപ്പിലാക്കാൻ ശിപാർശ ചെയ്യുന്നു.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്-വിവരങ്ങൾ ലഭ്യമാക്കിയില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിൻമേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ,വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. എന്നാൽ ചട്ടപ്രകാരമുള്ള നടപടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലാ. ആയത് സംബന്ധിച്ച് 16.10.2023 ൽ നൽകിയ 7-ാം നമ്പർ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിനനുസൃതമായി സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാന്റുകൾ വിനിയോഗം ചെയ്യാനവശേഷിക്കുന്നു

വാളകം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B4 Schedule പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വിനിയോഗം ചെയ്യാനവശേഷിക്കുന്നുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിന്റെ പേര് | തുക |
|---|---|
| ബഡ്സ് സ്കൂൾ+ ബയോഡൈവേഴ്സിറ്റി ഫണ്ട് | 5,01,157/- |
| ശുചിത്വ മിഷൻ ഫണ്ട് | 2546318/- |
| സാനിട്ടേഷൻ ഫണ്ട് | 117094/- |
| നബാർഡ് ഫണ്ട് | 129698/- |

ഈ ഗ്രാന്റുകൾ മുൻവർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച് ചെലവ് ചെയ്യാനവശേഷിക്കുന്നതാണ്. യഥാസമയം ഗ്രാന്റുകൾ വിനിയോഗം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ-നടപടികൾ സ്വീകരിക്കണം

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ₹24500 താഴെ ചേർക്കും പ്രകാരം നീക്കിയിരിപ്പുള്ളതായി കാണുന്നു.

| തീയതി | സ്ഥാനാർത്ഥികളുടെ എണ്ണം | തുക |
|---|---|---|
| 16.11.20 | 13(എസ്.സി 2) | ₹12000 |

| | | |
|---|---|---|
| 17.11.20 | 2 | ₹2000 |
| 18.11.20 | 7 (എസ്.സി 1) | ₹6500 |
| 19.11.20 | 4 | ₹4000 |
| ആകെ | | ₹24500 |

ഇത് സംബന്ധിച്ച് താഴെ ചേർക്കുന്ന പരാമർശത്തിന് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപതുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹38,000/- നീക്കിയിരുപ്പ് ഉണ്ട്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തിരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 16.10.2023 ൽ നല്കിയ 10ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തിരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 3 വർഷം പൂർത്തീകരിച്ചിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ അടിയന്തരമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-15 ഹോമിയോ ഡിസ്പ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ - മരുന്ന പൂർണ്ണമായും ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി എച്ച് സി |
| പ്രോജക്ട് നം/ വർഷം | 100/23 |
| അടങ്കൽ തുക / ഫണ്ട് | 1) 3,00,000/- രൂപ. ( മെയിന്റനന്സ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 3,00,000/- രൂപ. ബിൽ നം.79 തിയതി 12.10.2022 |


വാളകം ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്റ്റിനായി 3,00,000/- രൂപ ചെലവഴിച്ചതിൽ 107173/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ 107173/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം9തി. 16.10.2023) മറുപടി ലഭ്യമാക്കിയതിൽ മരുന്ന് ലഭിച്ചിട്ടില്ല എന്നും മരുന്ന് പൂർണ്ണമായും ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയ പ്രോജക്ട് – രേഖകൾ ഹജരാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | ആയുർവേദ ഡിസ്പെൻസറി യിലേക്ക് കണ്ടിജന്റ് ചാർജ് നൽകൽ |
| പ്രോജക്ട് നം. | S0140/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, |

| | |
|---|---|
| | വാളകം |
| അടങ്കൽ | 21,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 21,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ റഫറൻസ് നം/ തീയതി / തുക₹ | 22120252001700797161 / 04.11.2022 / ₹2825 |
| | 22120252001700797174 / 21.11.2022 / ₹1666 |
| | 22120252001701132042 / 03.02.2023 / ₹4000 |
| | 22120252001701324204 / 10.03.2023 / ₹4319 |
| | 22120252001701324190 / 10.03.2023 / ₹6235 |
| | 22120252001701325713 / 10.03.2023 / ₹1955 |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ആയുർവേദ ആശുപത്രിയിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ മുഖേന തിരഞ്ഞെടുത്ത സോണി സൈൻ ഗ്രാഫിക്സ് എന്ന സ്ഥാപനത്തിന് ₹5284 യും ആയതിന്റെ 18% ജി.എസ്.ടി. തുകയായ ₹951.12 യും ചേർന്ന തുകയായ ₹6235, ബിൽ റഫറൻസ് നം.22120252001701324190 / തീയതി 10.03.2023 പ്രകാരം നൽകിയിട്ടുള്ളതാണ്. ക്യഷ് ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. ബില്ലിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



Bill of cost of boards for the use of GAD Valakom

SONI SIGN GRAPHICS
MUVATTUPUZHA
Ph: 8086 701 267, 9447605, 660

208 CASH BILL Date : 17/02/23

To The Superintendent
Govt. Ayurveda Dispensary, Valakom

| MATERIAL | RATE |
|---|---|
| 16 x 6 15 nos | |
| 18 x 10 | |
| 18 x 15 | |
| 24 x 24 | 5284.00 /- |
| 15 x 24 | |
| 36 x 24 | |
| 18 x 12 | |
| 18 % GST | 951.12 /- |
| TOTAL | 6235.12 /- |

Cancelled
MEDICAL OFFICER
GOVT. AYURVEDA DISPENSARY
VALAKAM, ERNAKULAM

Name : Aby Varghese
Acc.No: 013500100132434
Bank : Dhanlaxmi Bank Ltd.
Muvattupuzha
IFSC code: DLXB0000135

For SONI SIGN
Proprietor

Passed for ₹ 6235/- (Six thousand two hundred and thirty five rupees only)

MEDICAL OFFICER
GOVT. AYURVEDA DISPENSARY
VALAKAM, ERNAKULAM

₹6235/- യുടെ ജി.എസ്.റ്റി ബിൽ ലഭ്യമല്ലാത്തത് ഹജരാക്കുവാൻ ആവശ്യപ്പെട്ട് 16.10.2023-ൽ നൽകിയ 11-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി ബില്ലിന്റെ അഭാവത്തിൽ 10.03.2023 തീയതിയിൽ 2120252001701324190 ബിൽ റഫറൻസ് നമ്പർ മുഖേനയുള്ള ചെലവ് തുക ₹6235 തടസ്സപ്പെടുത്തുന്നു. ജി.എസ്.റ്റി നമ്പർ രേഖപ്പെടുത്തിയ ബിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 തൊഴിലുറപ്പ പദ്ധതി കരാറുകാരിൽ നിന്നും ജി.എസ്.ടി /ടി.ഡി.എസ്. ഈടാക്കിയില്ല

ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് (റോഡ് കോൺക്രീറ്റിംഗ്) ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ വിതരണം

ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട GST, റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി / വാർഡ് | വർക്ക് കോഡ് | വെണ്ടർ | അനുവദിച്ച തുക/- FTOനമ്പർ / തീയതി | ഈടാക്കേണ്ട ജി.എസ്.ടി (2%) |
|---|---|---|---|---|---|
| 1 | നെയ്ത്തുശാലപ്പടി പുതിയേലിപ്പാടം പാണാട്ട് തോട്ടം കടവ് ലിങ്ക് റോഡ് കോൺക്രീറ്റിംഗ് /വാർഡ്10 | 1608007008 /ആർ.സി. / 365959 | റോയി എം.റ്റി. | 2,50,894/- FTO File No : 1509202316838 /31.03.2023 | 5017.9 |
| 2 | ചെറുപുഷ്പം റോഡ് കോൺക്രീറ്റിംഗ് / വാർഡ് 7 | 1608007008 /ആർ.സി. / 3551211 | കെ.എം. പീറ്റർ | 2,66,853/- FTO File No : 0505202316541 / 05.05.2023 | 5337.06 |
| 3 | കരിമ്പലാക്കൽ മാരി തോട് കാഡാചാനാൽ കോൺക്രീറ്റിംഗ് / വാർഡ് 5 | 1608007008/ ഡബ്ല്യൂ.എച്ച്. /343838 | ഏലിയാസ് എബ്രഹാം | 2,91,538/- FTO File No : 3103202316927 /31.03.2023 | 5830.76 |
| 4 | പുളിക്കത്തോട്ടത്തിൽ താഴം റോഡ് കോൺക്രീറ്റിംഗ് കോൺക്രീറ്റിംഗ് / വാർഡ് 8 | 1608007008 /ആർ.സി. /353216 | ജോബി ജോസഫ് | 3,25,192/- FTO File No : 1509202316339 / 15.09.2023 | 6503.84 |
| ആകെ | | | | | 22689.56 |

മേൽപ്പറഞ്ഞ തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാനവശ്യപ്പെട്ട് 19.10.2023 ൽ നൽകിയ 21-ാം നമ്പർ അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടിയിൽ GST/TDS ഈടാക്കിയിട്ടില്ല എന്നും ആയത് ഈടാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കുന്നതാണ് എന്നാണ്. GST/TDS ഇനത്തിൽ ഈടാക്കിയിട്ടില്ലത്ത മേൽ പട്ടികയിൽ വിവരിച്ച ആകെ തുക ₹22689.56 ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 ഫലവൃക്ഷത്തൈനടീലും പരിപാലനവും - പദ്ധതി നടപ്പാക്കൽ ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തി ൽ 2022-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 14 വാർഡുകളിലും വൃക്ഷത്തൈനടീലും, പരിപാലനവും പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | എം ബുക്ക് നം. | എംബുക്ക്പ്രകാരം നട്ട വൃക്ഷത്തൈക ളുടെ എണ്ണം | എഫ് ടി ഒ നം. | ചെലവ് തുക ₹ |
|---|---|---|---|---|---|
| 1 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 1 | 31/22-23 | 100 | 411769 | 39186 |

| | | | | | |
|---|---|---|---|---|---|
| 2 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 2 | 32/22-23 | 90 | 412060 | 34521 |
| 3 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 3 | 33/22-23 | 85 | 412010 | 36387 |
| 4 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 4 | 34/22-23 | 95 | 412010 | 29757 |
| 5 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 5 | 35/22-23 | 78 | 411888 | 38564 |
| 6 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 6 | 36/22-23 | | 412080 | 39497 |
| 7 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 7 | 37/22-23 | 95 | 411921 | 19904 |
| 8 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 8 | 38/22-23 | 85 | 412035 | 46741 |
| 9 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 9 | 39/22-23 | 90 | 415889 | 37942 |
| 10 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 10 | 40/22-23 | 95 | 411957 | 42296 |
| 11 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 11 | 41/22-23 | 100 | 411848 | 36706 |
| 12 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 12 | 42/22-23 | 80 | 490581 | 45095 |
| 13 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 13 | 43/22-23 | 72 | 411862 | 44784 |
| 14 | വൃക്ഷത്തൈനടീലും, പരിപാലനവും - വാർഡ് 14 | 44/22-23 | 100 | 411987 | 42607 |
| | ആകെ | | | | 533987 |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളിൽ റോഡിന്റെ വശങ്ങൽ വൃത്തിയാക്കി, ഫലവൃക്ഷത്തൈകൾ നട്ടുകയാണ് ചെയ്തത്. എന്നാൽ, ഓഡിറ്റിന്റെ ഭാഗമായി 18.10.23ന് 1, 5, 7 വാർഡുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ 1-ാം വാർഡിൽ 100 തൈകൾ നട്ടതിൽ 5 എണ്ണവും, 5-ാം വാർഡിൽ 78 തൈകൾ നട്ടതിൽ 15 എണ്ണവും മാത്രമാണ് നിലവിലുള്ളതായി ബോധ്യപ്പെട്ടത്. പദ്ധതിക്കായി ₹533987 തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം 2വർഷത്തേക്ക് തുടർ പരിപാലനവും നിഷ്കർഷിച്ചിട്ടുണ്ട്. 11.08.2022 ലാണ് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രോജക്ട് നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പ് ഫലപ്രദമാകാതെ വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 19.10.2023 ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടിയിൽ മേൽ പ്രോജക്ടിന്റെ ഭാഗമായി 14 വാർഡുകളിലായി 1233 തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ടയിരുന്നതാണെന്നും എന്നാൽ 2022-23 കാലയളവിൽ തൈകൾ പരിപാലിക്കാൻ സാധിക്കാത്തതിനാലാണ് പ്രോജക്ട് ഫലപ്രദമാകാതെ വന്നത് എന്നാണ്.

എന്നാൽ മേൽ പദ്ധതിപ്രകാരം ഒരു വർഷം പൂർത്തികരിക്കുന്നതിന് മുൻപ് തന്നെ ഫലവൃക്ഷത്തൈകൾ ഭൂരിഭാഗവും നശിച്ച് പോയി. തുടർപരിപാലനത്തിലുണ്ടായ അശ്രദ്ധയാണ് ഇതിന് കാരണം. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ തുടർപരിപാലനത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും, പ്രോജക്ട് പരിപൂർണ്ണതയിലെത്തിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാവേണ്ടതുമാണ്.

1-19 പോഷകാഹാരവിതരണം -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0014/23 |
| പ്രോജക്ടിന്റെ പേര് | കരട്ടെവാളകം സോഷ്യൽ വെൽഫെയർ സെന്ററിന്റേയും, റാക്കാട് പഞ്ചായത്ത് നേഴ്സറിയുടേയും പോഷകാഹാര വിതരണവും, അനുബന്ധച്ചെലവുകളും |
| അടങ്കൽ, ഫണ്ട് | ₹ 40000/-, വികസനഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം |
| ചെലവ് | ₹ 40000/-, |
| ബിൽ നം./തിയതി | 7/17.06.22 - ₹6811/-<br>14/22.10.22 - ₹7675/-<br>29/05.01.23 - ₹9510/-<br>40/02.03.23 - ₹5726/-<br>48/29.03.23 - ₹10278/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ കരട്ടെവാളകം സോഷ്യൽ വെൽഫെയർ സെന്ററിലേയും, റാക്കാട് പഞ്ചായത്ത് നേഴ്സറിയിലേയും കുട്ടികൾക്ക് പോഷകാഹാര വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാളകം മാവേലി സ്റ്റോറിൽ നിന്നും ₹ 32678/-യുടെ ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സോഷ്യൽ വെൽഫെയർ സെന്ററിന്റെ കണ്ടിജന്റ് ചെലവിനായി ₹1169/- ചെലവാക്കിയിട്ടുണ്ട്. കൂടാതെ, ആഹാരം പാകം ചെയ്യുന്നതിന് വാളകം പഞ്ചായത്ത് നേഴ്സറിക്ക് ₹3983/-,കരട്ടെവാളകം സോഷ്യൽ വെൽഫെയർ സെന്ററിന് ₹2170/- ഗ്യാസ്ചെലവിനായും നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കരട്ടെവാളകം സോഷ്യൽ വെൽഫെയർ സെന്ററിന്റെ പോഷകാഹാര വിതരണവും, കണ്ടിജന്റ് ചെലവുകളും ഗ്രാന്റ് വിഹിതത്തിൽ നിന്നും നിർവഹിക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേകനിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/16.10.23) മുൻവർഷങ്ങളിലും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്ന പ്രോജക്ട് ആയതിനാണ് ഈ വർഷവും പ്രോജക്ട് തുടർന്നത് എന്ന് മറുപടി നൽകിയത്. കൂടാതെ 6 വയസിന് താഴെയുള്ള കുട്ടികൾക്കുള്ള പോഷകാഹാര വിതരണ പ്രവൃത്തി ആയതുകൊണ്ടാണ് പ്രോജക്ട് നടപ്പാക്കിയതെന്നും സൂചിപ്പിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീമിന്റെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഉത്തരവാദിത്തമില്ലാത്തതിനാൽ ഉൾപ്പെട്ട കരട്ടെവാളകം സോഷ്യൽ വെൽഫെയർ സെന്ററിന് നിലവിൽ പോഷകാഹാര വിതരണത്തിന് ഗ്രാന്റ് ലഭിക്കുന്നില്ലാത്തതിനാലാണ് പ്രോജക്ട് ഏറ്റെടുത്തത് എന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശിച്ചിട്ടില്ലാത്ത മേഖലയിൽ പദ്ധതികൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-20 മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ -അപാകത

| | | | |
|---|---|---|---|
| പ്രോജക്ട് നം | മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ | | |
| പ്രോജക്ടിന്റെ പേര് | എസ്. 0112/23 | | |
| അടങ്കൽ,ഫണ്ട് | ₹50000 വികസന ഫണ്ട് (പൊതുവിഭാഗം) | | |
| ചെലവ് വിവരം | ബിൽ | തീയതി | തുക |
| | 22120252001500790721 | 21.11.2022 | ₹50000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, | | |

ഫ്രിഡ്ജിൽ നിർബന്ധമായും സൂക്ഷിക്കേണ്ടുന്ന മരുന്നുകൾ വൈദ്യുതി തടസ്സമുണ്ടാകുന്ന സമയത്ത് കേട് കൂടാതെ സൂക്ഷിക്കുന്നതിന് മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടറും ആയതിന്റെ ബാറ്ററിയും മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെയാണ് മേൽ പ്രോജക്ട് പ്രകാരമുള്ള വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) വിതരണക്കാരായ M/S ദീപ ഇലക്ട്രോണിക്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനവുമായി കരാർ ഏർപ്പെട്ടിട്ടില്ല. സ്ഥാപനം മേൽ ഉപകരണങ്ങൾക്ക് 4വർഷത്തെ വാറന്റി ടെണ്ടറിൽ ഓഫർ ചെയ്തിട്ടുണ്ട്.

2) ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 26.04.2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) 07/2019 പ്രകാരം ₹25,000/- മുകളിലുള്ള വാങ്ങലുകൾ GeM പോർട്ടലുകൾ വഴിയായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ വാങ്ങലുകൾക്ക് പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 11.10.2023 ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കരാർ വാങ്ങി സൂക്ഷിക്കുന്നതാണെന്നും, ജീവൻ രക്ഷ മരുന്നുകൾ കേട് കൂടാതെ സൂക്ഷിക്കേണ്ടത് അനിവാര്യമായതിനാലാണ് ടെണ്ടർ മുഖേന ഇൻവെർട്ടർ വാങ്ങിയതെന്നും മറുപടി നല്കി. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുകയും ചെയ്തു. മേൽ മറുപടി അംഗീകരിക്കുന്നു. ₹25000 മുകളിലുള്ള വാങ്ങലുകൾ GeM പോർട്ടലുകൾ വഴിയായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ₹25000/- വാങ്ങലുകൾ നടത്തുമ്പോൾ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-21 കന്നുകുട്ടി പരിപാലനം -അധികം നല്കിയിട്ടുള്ള തുക തിരികെ ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| പ്രോജക്ട് നം | വനിത ക്ഷീര കർഷകർക്കുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, | | |
| പ്രോജക്ടിന്റെ പേര് | എസ്. 0108/23 | | |
| അടങ്കൽ,ഫണ്ട് | ₹500000 വികസന ഫണ്ട് (പൊതുവിഭാഗം)<br>₹500000 ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവവിക്കുന്നത്) | | |
| ചെലവ് വിവരം | ബിൽ | തീയതി | തുക |
| | 22120252001501028705 | 11.01.2023 | ₹500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ | | |

ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമായ കന്നുകുട്ടികളെ സംരക്ഷിക്കുന്നതിന്, മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം കൈമാറുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 4 മാസം മുതൽ പ്രസവിക്കുന്നതു വരെയോ അല്ലെങ്കിൽ 32 മാസം പ്രായമാകുന്നതു വരെയോ (ഏതാണ് നേരത്തെ അതുവരെ) ആണ് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് 6250/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 6250/-രൂപ മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമാണ് (ഒരാൾക്ക് ആകെ സബ്സിഡി 12500). 40 ഗുണഭോക്താക്കൾക്ക് ക്ഷീരസഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബിൽ പ്രകാരം ₹500000 പിൻവലിച്ച് പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവ യുടെ അക്കൗണ്ടിലേക്ക് (799011400003312) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഐ.സി ഡി പി പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രശീത്, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താവായ ശ്രീമതി.മോളി വർഗ്ഗീസ്, എള്ളക്കാട്ട് (ക്രമ നം 8) പ്രോജക്ട് ആരംഭിച്ച 27.03.2023 മുതൽ കാലിത്തീറ്റ വാങ്ങിയിട്ടില്ല. പ്രസ്തുത ഗുണഭോക്താവിന്റെ സബ്സിഡിയായി ₹12500 ഐ.സി.ഡി.പി, ആലുവയ്ക്ക് നല്കിയിട്ടുള്ളതാണ്.

ആയത് തിരികെ ലഭ്യമാക്കി ട്രഷറി മുഖാന്തരം കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പ്രോജക്ട് പരിശോധിച്ചതിൽ ഓരോ ഗുണഭോക്താവും ₹12,500/- ഗുണഭോക്തൃവിഹിതമായി ഈ പദ്ധയിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയും ചെലവ് വന്നിട്ടുള്ളതായി കാണുന്നില്ല. പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 11.10.2023ൽ നല്കിയ 3ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് ആരംഭിച്ചിട്ടേയുള്ളുവെന്നും, ശ്രീമതി. മോളി വർഗ്ഗീസ്, എള്ളക്കാട്ടിന്റെ സബ്സിഡി തുക പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി, ആലുവ യുടെ പക്കൽ നിന്ന് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ ₹12,500/- ഗുണഭോക്തൃവിഹിതമായി അടവാക്കുന്ന തുക നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് ശേഖരിച്ച് പ്രസ്തുക തുക പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി, ആലുവയ്ക്ക്

ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയാണെന്നും അറിയിക്കുകയും, തുക നല്കുന്നതിന്റെ ബാങ്ക് പാസ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കുകയും ചെയ്തു.

പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. ശ്രീമതി.മോളി വർഗ്ഗീസ്, എള്ളുക്കാട്ടിന്റെ കന്നുക്കുട്ടിക്ക് സബ്സിഡിയായി നല്കിയ ₹12,500/- പ്രോജക്റ്റ് പൂർത്തീകരിച്ച് കഴിയുമ്പോൾ തിരികെ ഈടാക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ മുൻവർഷങ്ങളിൽ പദ്ധതി വിഹിതം ചെലവഴിച്ച് സമാന പ്രോജക്ടുകൾ നടപ്പിലായതിൽ പ്രോജക്റ്റ് ഓഫീസർ, ഐ.സി.ഡി.പി, ആലുവയിൽ നിന്ന് തുക തിരികെ ലഭ്യമാകുവാനുണ്ടെങ്കിൽ ആയതും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-22 മുട്ടക്കോഴി വിതരണം-അപാകത

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | മുട്ടക്കോഴി വിതരണം | | |
| പ്രോജക്റ്റിന്റെ പേര് | എസ്. 0117/23 | | |
| അടങ്കൽ,ഫണ്ട് | ₹194500വികസന ഫണ്ട് (പൊതുവിഭാഗം)<br>₹38900ഗുണഭോക്തൃവിഹിതം , ആകെ.₹233400 | | |
| ചെലവ് വിവരം | ബിൽ | തീയതി | തുക |
| | 22120252001500790721 | 11.01.2023 | ₹194500 |
| | MSCB-22765 | 30.01.2023 | ₹38900 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, വാളകം | | |

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി 50% സബ്സിഡി നിരക്കിൽ 45മുതൽ 60 ദിവസം പ്രായമായ 5 മുട്ടക്കോഴികൾ വീതം വനിതകൾക്ക് (ജനറൽ ) മേൽ പ്രോജക്റ്റ് പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. 389 ഗുണഭോക്താക്കൾക്ക് 5 മുട്ടക്കോഴികൾ വീതം 1945 കോഴികൾ ₹120നിരക്കിലാണ് വാങ്ങിയിട്ടുള്ളത്.

എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022 ലെ സർക്കാർ ഉത്തരവ് നം 115/2022 ലെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 ൽ മട്ടുപ്പാവിലെ കോഴി വളർത്തൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ ഇതേ ഉത്തരവിലെ ഇതേ മാർഗ്ഗരേഖയിലെ ക്രമ നം 25 പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന് 100% സബ്സിഡി നിരക്കിൽ പ്രോജക്റ്റ് നടപ്പിലാക്കാമെന്നും നിഷ്കർഷിക്കുന്നുണ്ട്. ഈ പ്രോജക്റ്റിന് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളത് 50% ഗുണഭോക്തൃവിഹിതം വാങ്ങി നടപ്പിലാക്കുന്നതിനാണ്.

ആയതിനാൽ മേൽ പ്രോജക്റ്റ് പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് 50% ഗുണഭോക്തൃവിഹിതം വാങ്ങിയായിരുന്നു പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. ₹38900 മാത്രമേ ഗുണഭോക്തൃവിഹിതമായി വാങ്ങിയിട്ടുള്ളൂ. എസ്.സി.പി, ടി.എസ്.പി, വനിത ഘടകപദ്ധതി എന്നിവയല്ലാതിരിക്കെ മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്റ്റ് നടപ്പിലാക്കിയത് വഴി ₹77800 അധികച്ചെലവ് വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 11.10.2023 ൽ നല്കിയ 2ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ പരാമർശിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ക്രമ നം 25 പ്രകാരം അടുക്കള മുറ്റത്തെ കോഴി വളർത്തലിന് 100% സബ്സിഡി നിരക്കിൽ പ്രോജക്റ്റ് നടപ്പിലാക്കാമെന്നും നിഷ്കർഷിക്കുന്നുണ്ടെന്നും ആയത് പ്രകാരമാണ് പ്രോജക്റ്റ് നടപ്പിലാക്കിയതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. എന്നാൽ ഡി.പി.സി അംഗീകാരം നല്കിയിട്ടുള്ള പ്രോജക്റ്റ് മാർഗ്ഗരേഖയിലെ 6.3 ലെ (മൃഗസംരക്ഷണവും/ക്ഷീരവികസനവും) 15 ൽ മട്ടുപ്പാവിലെ കോഴി വളർത്തൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡി നിരക്കിലുള്ളതാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി ₹300 വീതം ഈടാക്കേണ്ടിയിരുന്നു. മേൽ പ്രോജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി ലഭ്യമായിട്ടുള്ളതിനാൽ ₹77800 അധികച്ചെലവിന് സർക്കാരിൽ നിന്നുള്ള സാധൂകരണം വാങ്ങേണ്ടതാണ്.

1-23 ടെണ്ടർ നടപടികൾ കൂടാതെ ഫർണ്ണിച്ചർ വാങ്ങി

1)

| | |
|---|---|
| പ്രോജക്റ്റ് നം | പ്രീ പ്രൈമറി സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ |
| പ്രോജക്റ്റിന്റെ പേര് | എസ്. 0216/23 |

| | | | |
|---|---|---|---|
| അടങ്കൽ,ഫണ്ട് | ₹3000 വികസന ഫണ്ട് (പൊതുവിഭാഗം)<br>₹110039 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>₹61 തനത് ഫണ്ട് | | |
| ചെലവ് വിവരം | ബിൽ നം./ചെക്ക് നം. | തീയതി | തുക |
| | 22120252001601437811 | 22.03.23 | ₹3000 |
| | 296/23 | 23.03.23 | ₹110030 |
| | 198950 | 31.03.23 | ₹61 |
| | ആകെ | | ₹113091 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, വാളകം | | |

2)

| | | | |
|---|---|---|---|
| പ്രോജക്ട് നം | വിവിധ സ്കൂളുകളിലേക്ക് ബഞ്ച്,ഡെസ്ക് വാങ്ങൽ | | |
| പ്രോജക്ടിന്റെ പേര് | എസ്. 0144/23 | | |
| അടങ്കൽ,ഫണ്ട് | ₹76920, വികസന ഫണ്ട് (പൊതുവിഭാഗം)<br>₹154000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>₹1080തനത് ഫണ്ട് | | |
| ചെലവ് വിവരം | ബിൽ നം./ചെക്ക് നം. | തീയതി | തുക |
| | 22120252001601576725 | 31.03.23 | ₹76920 |
| | 22120252001601233220 | 23.02.23 | ₹154000 |
| | ചെക്ക് നം.198951 | 31.03.23 | ₹1080 |
| | ആകെ | | ₹232000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, വാളകം | | |

2022-23 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം ആർട്ട്കോ ലിമിറ്റഡ്, സിഡ്കോ ലിമിറ്റഡ് തുടങ്ങിയ അക്രഡിറ്റഡ് സ്ഥാപനങ്ങളിൽ നിന്ന് ഫർണ്ണിച്ചർ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടുകൾ പ്രകാരം ഫർണ്ണിച്ചറിന്റെ വിലയായി ആകെ ₹345091 (₹232000,₹ 113091) മേൽ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

ധനവകുപ്പിന്റെ 25-07-2017 ലെ ജി.ഒ(പി) നം.95/2017. നമ്പർ ഉത്തരവ് പ്രകാരം 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെണ്ടർ നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുക്കേണ്ടത്' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മേൽ സ്ഥാപനങ്ങളിൽ നിന്ന് ഫർണ്ണിച്ചർ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും, സ്റ്റോക്ക് രജിസ്റ്ററും, പ്രോജക്റ്റ് നം എസ്. 0144/23 പ്രകാരമുള്ള വിതരണ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് 16.10.2023 ൽ നല്കിയ 13ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ, പ്രോജക്റ്റ് നം എസ്. 0144/23 പ്രകാരമുള്ള വിതരണ രേഖ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഭാവിയിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-24 നെൽകൃഷി വികസനം - സബ്സിഡി അധികം അനുവദിച്ചു

കൃഷി ഓഫീസർ നടപ്പാക്കിയ നെൽകൃഷി വികസനം പ്രോജക്ടിൽ മുണ്ടകൻ നെൽകൃഷിക്കായി (സ്ഥിരംനെൽകൃഷി) വാളകം ഗ്രാമപഞ്ചായത്തിലെ 231 നെൽകർഷകർക്ക് കൂലിച്ചെലവ് ₹1731038/- നൽകിയിട്ടുണ്ട്. കൂടാതെ, ഇതേ കർഷകർക്ക് മേക്കടമ്പ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേന ₹400458/- വളം വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം നെൽകൃഷി വികസനം പ്രോജക്ടിനായി ആകെ ₹2131496/- സബ്സിഡിയായി ചെലവാക്കിയിട്ടുണ്ട്. നെൽകൃഷി വികസനം പ്രോജക്ടിൽ സബ്സിഡിക്കായി ലഭിച്ച അപേക്ഷകളിൽ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തി അർഹരാണെന്ന് ബോധ്യപ്പെട്ട 231 കർഷകരുടെ 79.49 ഹെക്ടർ (19628 സെന്റ്) നെൽകൃഷിക്കാണ് സബ്സിഡി നൽകിയത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ. ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിനാൽ ₹144246/- സബ്സിഡി അധികം അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

## 1-25 റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തികരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം./വർഷം | 18/23 |
| അടങ്കൽ തുക /ഫണ്ട് | 42000/-(വികസന ഫണ്ട്) പൊതുവിഭാഗം |
| ചെലവ് തുക/ ബിൽ നം. തീയതി | 16800/- ബിൽ നം.101 തീയതി 9.11.22 |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എൻജിനിയർ 2022-23 വർഷം 16,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഏതൊക്കെ വാർഡിൽ എത്ര തുക വീതം ചെലവഴിച്ച എന്ന വിശദാംശവും പൂർത്തികരിച്ചതിന്റെ വിശദാംശവും പരിശോധനയ്ക്കായി ഹാജരാക്കിയില്ലാത്തതിനാൽ 16,800/-രൂപ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീ. 16.10.2023) മറുപടി ലഭ്യമാക്കിയില്ല. റോഡ് കണക്ടിവിറ്റി മാപ്പ് ഗ്രാമ പഞ്ചായത്തിന് ഉപയോഗപ്രദമായ വിധത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

## 1-26 റോഡ് നിർമ്മാണ പ്രവൃത്തി അപാകതകൾ

പഞ്ചായത്ത് കമ്മറ്റിയുടെ 6.03.2023 തീരുമാനം 1

വാളകം ഗ്രാമപഞ്ചായത്തിലെ 2022-23വാർഷിക പദ്ധതിയിലെ പ്രോജക്റ്റ് നം (1)116/23- മുട്ടിമറ്റം കനാൽ ബണ്ട് റോഡ് സൈഡ് കെട്ട് ഐറിഷ് ഡ്രെയിൻ , റീടാറിംഗ് വാർഡ് 3, (2) 146/23- മേക്കടമ്പ് -പുരമനത്താഴം റോഡ് റീടാറിംഗ് സൈഡ് കോൺക്രീറ്റ് വാർഡ് 10, എന്നീ പ്രവൃത്തികൾ ടെൻഡർ ചെയ്ത് നിർവ്വഹണം ചെയ്യുന്ന സാഹചര്യത്തിൽ KWA ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡുകൾ പൊളിച്ച് പൈപ്പ് ലൈൻ ഇട്ടിട്ടുള്ളതാണ്. എന്നാൽ KWA റോഡ് നിർമ്മാണ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. എന്നാൽ Maintanence Grant - Road ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നതിനായി അംഗീകാരം നേടിയെങ്കിലും എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് റീടാറിംഗ് പ്രവൃത്തി നടപ്പാക്കാതെ ഐറിഷ് ഡ്രെയിൻ, സൈഡ് കോൺക്രീറ്റ് , ചില ഭാഗങ്ങളിൽ ടൈൽ വിരിക്കൽ തുടങ്ങിയവ മാത്രം ചെയ്ത് റോഡ് നിർമ്മാണ പ്രവൃത്തി ഭാഗികമായാണ് നടപ്പാക്കിയിട്ടുള്ളത്.

കൂടാതെ , പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ ഏകദേശം ഇരുപതോളം റോഡുകളിൽ KWA ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡുകൾ കട്ട് ചെയ്തിട്ടുണ്ടെങ്കിലും ഈ റോഡുകളിലൊന്നും KWA റോഡ് നിർമ്മാണ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം4 തി. 12.10.2023) മറുപടി ലഭ്യമാക്കിയതിൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ കട്ട് ചെയ്ത റോഡുകളുടെ വിശദാംശം ഹാജരാക്കുകയും ഈ റോഡുകളിലൊന്നും KWA റോഡ് നിർമ്മാണ പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്തതായും അറിയിച്ചു. നിലവിലുള്ള ഉത്തരവ് അനുസരിച്ച് KWA പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കുഴിച്ച റോഡുകൾ പുനസ്ഥാപിക്കുന്നത് സംബന്ധിച്ച് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് CTE, ചീഫ് എൻജിനിയർക്ക് നല്കിയ നിർദ്ദേശങ്ങൾ പ്രകാരം(Se Insp-Tech-2/121/2020 ഫിൻ 10.12.2020) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച ട്രഞ്ചുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തികൾ KWA തന്നെ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

## 1-27 നന്തോട് ജലസേചന പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നന്തോട് ജലസേചന പദ്ധതി (വാർഡ് 8) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം/അടങ്കൽ തുക / ഫണ്ട് | 1) 4/23,<br>അടങ്കൽ തുക 1)4,95,000/- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>2) 5,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2) 24/23 അടങ്കൽ തുക 1) 4,76,000/- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | ₹12,65,987<br>1) 399956/-ബിൽ നം. 15 തീ 7.05.2022<br>2) 371065/- |

| | |
|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം നേരിട്ട് ചെലവഴിച്ചത്. (RTGS-31.03.2023) UTR നം. ലഭ്യമാക്കിയില്ല<br>3) 494966/- ബിൽ നം 319 തീ 26.3.2023 |

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനിയർ നടപ്പാക്കിയ നന്തോട് ജലസേചന പദ്ധതി (വാർഡ് 8) എന്ന പ്രോജക്റ്റിനായി 2022-23 വർഷം മേൽ സൂചിപ്പിച്ച പ്രകാരം 2 പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. പുഴയിൽ നിന്നും നിലവിലുള്ള 20HP മോട്ടോർ ഉപയോഗിച്ച് 160 Mm (6kg /Cm2) PVC Pipe സ്ഥാപിച്ച് പെരിയാർ വാലി കനാലിനു സമാന്തരമായി ജലസേചനം നടപ്പാക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്.

എന്നാൽ ജലസേചന പദ്ധതി നടപ്പാക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നില്ല. കൂടാതെ ഈ പ്രവൃത്തിയുടെ സ്ഥല പരിശോധനയിലും ഫയൽ പരിശോധിച്ചതിലും വിവിധങ്ങളായ അപാകതകൾ കണ്ടെത്തി. വിശദവിവരം ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകി വരുന്നു. എന്നാൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും 31.03.2023 ലെ വിവരം ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തില് നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹400000 | ₹0 | ₹0 | ₹400000 |

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2019-20 | തെരുവ് വിളക്ക് ലൈൻ നീട്ടൽ(പ്രോ.നം. എസ്.0017/19) | 41800348/13.02.23 | ₹191809 | - | ₹191809 |
| | | 41800356/24.01.2019 | ₹47711 | | ₹47711 |
| | | 41800344/31.03.2019 | ₹160480 | | ₹160480 |
| ഒട്ടാകെ | | | ₹400000 | - | ₹400000 |

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ - അവലോകനം

"രാഷ്ട്രം അതിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ അവശരും വൃദ്ധരും വികലാംഗരും അശരണരുമായ വ്യക്തികൾക്ക് സഹായ ഹസ്തം നൽകേണ്ടതുണ്ട്."( അനുഛേദം 41 , ഇന്ത്യൻ ഭരണഘടന) ഇന്ത്യൻ ഭരണഘടനയുടെ ഈ വകുപ്പിന്റെ ആത്മാവിനെ ഉൾക്കൊണ്ട് ദരിദ്രർക്കും മറ്റ് അർഹതപ്പെട്ടവർക്കും വേണ്ടി നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ തദ്ദേശ സ്വയംഭരണ തലത്തിൽ സർക്കാർ ആരംഭിച്ചിട്ടുണ്ട് ഒരു രാജ്യത്തെ ജനസമൂഹത്തിന് പ്രത്യേകിച്ച് കുട്ടികൾ, വൃദ്ധർ, സ്ത്രീകൾ, രോഗികൾ, തൊഴിൽ രഹിതർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് അവരുടെ ആരോഗ്യവും സുഖവും ഉറപ്പാക്കുന്നതിനു വേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ക്ഷേമ പദ്ധതികളാണ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ.

പെൻഷൻ ഐ.ഡി/ആധാർ നമ്പർ / അക്കൗണ്ട് നമ്പർ ഉപയോഗിച്ച് പെൻ ഷണറുടെ വിവരം തിരയാൻ സേവന സോഫ്റ്റ് വെയർ ഉപയോഗിച്ച് സാധിക്കും. എന്നാൽ പെൻഷണർ മരണപ്പെട്ട ശേഷവും അയാളുടെ പേരിൽ പെൻഷൻ അനുവദിക്കപ്പെടുന്നുണ്ടോ എന്ന് കണ്ടെത്താൻ വ്യക്തമായ ഒരു ഉപാധി നിലവിൽ ഇല്ല . ഗുണഭോക്താവ് മരണപ്പെട്ടിട്ടുള്ള ആളാണോ എന്ന് മരണ രജിസ്റ്റർ നോക്കി ഒരു ട്രയൽ ആന്റ് എറർ രീതിയിലൂടെ പരിശോധിക്കുകയായിരുന്നു ചെയ്തിരുന്നത്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് വേളയിൽ ഒരാളുടെ മരണം റിപ്പോർട്ട് ചെയ്യുമ്പോൾ ചട്ടം ഇല്ല എന്ന കാരണാത്താൽ മരണ രജിസ്റ്ററിൽ മരണപ്പെട്ടയാളുടെ ആധാറിന്റെ പകർപ്പ് സൂക്ഷിക്കുകയോ ആധാർ നമ്പർ ഏഴുതി വെക്കുകയോ നിലവിൽ ചെയ്യുന്നില്ല. ആയതിനാൽ 'സേവന 'യിൽ ടിയാളുടെ പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ എന്ന് ആധാർ നമ്പർ ഉപയോഗിച്ച് തിരയാൻ സാധിക്കുന്നില്ല. കൂടാതെ സ.ഉ.(എം എസ്) നം. 278/2018/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഷ്കരിച്ച് നിലവിൽ ഉള്ള സർക്കുലർ നം.67/2020.ധന , സർക്കുലർ നം.63/2021.ധന. എന്നിവ പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയിരുന്ന വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ മറ്റേതെങ്കിലും സ്ഥലത്ത് വെച്ച് സംഭവിക്കുന്ന മരണങ്ങൾ മരണപ്പെട്ടയാളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയെ അറിയിച്ചിരുന്നാലും മരണപ്പെട്ട വ്യക്തി പെൻഷൻ ഗുണഭോക്താവാണോ എന്ന് തിട്ടപ്പെടുത്തുവാൻ പോലും കഴിയാതെ വരുന്നു. ആയതിനാൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ പ്രകാരം അനർഹമായി അക്കൗണ്ടുകളിലേക്ക് പണം പോകുന്നുണ്ടോ എന്നത് പരിശോധന നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ ഗ്രാമപഞ്ചായത്തിലേത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയത് സുഗമമാക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ ശുപാർശ ചെയ്യുന്നു.

1-30 ഓഡിറ്റ് ഇംപാക്റ്റ്

വാടകയ്ക്ക് നൽകിയ കടമുറികളുടെ കറണ്ട് ബില്ല് - ₹2719 /-അടവാക്കി
ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അമ്പലംപടിയിലുള്ള 5/508 നമ്പർ കെട്ടിടം വാടകയ്ക്ക് നല്കിയിട്ടും ടി കെട്ടിടത്തിന്റെ 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള വൈദ്യുതി ബിൽ പഞ്ചായത്ത് അടവാക്കിയത് ഓഡിറ്റ് എൻക്വയറി (16/17.10.2023) മുഖാന്തരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 2719/- രൂപ രസീത് നമ്പർ 1230101990 / G071403 പ്രകാരം 19.10.2023 തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 നന്തോട് ജലസേചന പദ്ധതി - വെള്ളം സ്വകാര്യ കുപ്പിവെള്ള കമ്പനിയ്ക്കു നല്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നന്തോട് ജലസേചന പദ്ധതി (വാർഡ് 8) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം/അടങ്കൽ തുക / ഫണ്ട് | 1)4/23, അടങ്കൽ തുക 1)4,95,000/- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2)5,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2)24/23 അടങ്കൽ തുക 1)4,76,000/- കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | ₹12,65,987<br>1)399956/-ബിൽ നം 15തി 7.05.2022 (പ്രോജ.നം 24/23 പ്രകാരം)<br>2)371065/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം നേരിട്ട് ചെലവഴിച്ചത്.(RTGS.31.03.2023) (പ്രോജ.നം 04/23 പ്രകാരം)<br>3)494966/- ബിൽ നം 319തി 26.3.2023 (പ്രോജ.നം 04/23 പ്രകാരം) |
| കരാറുകാരന്റെ പേര് എഗ്രിമെന്റ് നം,തീയതി എം.ബുക്ക് നം | (1)പ്രോജ.നം 24/23 ശ്രീ.ജോയി കര്യാക്കോസ് 85/AE/LSGD/VPT/21-22 തീ.01.02.22, എം.ബുക്ക് നം 446/21-22<br>2)പ്രോജ.നം 04/23,ശ്രീ.കെ.പി മാത്യു. |

| | |
|---|---|
| | 76/AE/LSGD/VPT/22-23 തീ.09.03.23, എം.ബുക്ക് നം,lsgd/celsgd/MB/ 11495/22 |

വാളകം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനിയർ നടപ്പാക്കിയ നന്തോട് ജലസേചന പദ്ധതി (വാർഡ് 8) എന്ന പ്രോജക്റ്റിനായി 2022-23 വർഷം മേൽ സൂചിപ്പിച്ച പ്രകാരം 2 പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. 160MM (6Kg/Cm$^2$) PVC Pipe സ്ഥാപിച്ച് പുഴയിൽ നിന്നും നിലവിലുള്ള 20HP മോട്ടോർ ഉപയോഗിച്ച് പെരിയാർ വാലി കനാലിനു സമാന്തരമായി ജലസേചനം നടപ്പാക്കുന്നതിനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്.

എന്നാൽ ജലസേചന പദ്ധതി നടപ്പാക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നില്ല. കൂടാതെ ഈ പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ ചില ഗുരുതരമായ അപാകതകളും കണ്ടെത്തി. അവ താഴെ ചേർക്കുന്നു.

I) പുഴയിൽ നിന്നുള്ള ജലസേചനം നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഈ ജലസേചന പദ്ധതിയുടെ മോട്ടോർ ഷെഡ് സ്ഥാപിച്ചിരിക്കുന്നത് പുഴയുടെ തീരത്തു തന്നെയാണ്. അവിടെ നിന്നും 160 Mm (6Kg/Cm$^2$) PVC Pipe കണക്ഷൻ നേരിട്ട് മോട്ടോർ ഷെഡിനടുത്തുള്ള സ്വകാര്യ കുപ്പിവെള്ള കമ്പനിയായ ഐസ് ഡ്രോപ്സ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലേയ്ക്ക് നല്കിയിരിക്കുന്നു. മഴക്കാലത്ത് ജലസേചനം പ്രത്യേകം ആവശ്യമില്ലാത്തതിനാൽ ഇക്കാലഘട്ടത്തിൽ ഈ പ്രോജക്റ്റിന്റെ ഉപയോഗം പൂർണ്ണമായും കമ്പനിയ്ക്കു മാത്രമായി ലഭിക്കുന്നു. ഇത് ഗുരുതരമായ മാർഗ്ഗരേഖലംഘനമാണ്.

Ii) നിലവിലുള്ള മോട്ടോർ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മോട്ടോർ ഉപയോഗിക്കുന്നതിന്റെ കറന്റ് ചാർജ്ജ് അടവാക്കുന്നത് കൃഷി ആവശ്യത്തിന് എന്ന വ്യാജേന കൃഷി വകുപ്പാണ്. എന്നു തുടങ്ങി ഇപ്രകാരം കൃഷി വകുപ്പ് കറന്റ് ചാർജ്ജ് അടവാക്കുന്നു എന്നത് കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. ( ഇതു 1972 ൽ കൃഷി വകുപ്പ് നല്കിയ മോട്ടോർ ആണെന്നും ഈ ജലസേചന പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് കൃഷി വകുപ്പ് ആണെന്നും 18.10.2023 ൽ 20 ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എൻജിനിയർ മറുപടി നല്കി )

കൂടാതെ ഈ പ്രവൃത്തി നടപ്പാക്കിയതിൽ കണ്ടെത്തിയ ഇതര അപാകതകൾ ചുവടെ ചേർക്കുന്നു.

1)എക്സിക്യൂട്ടീവ് എഞ്ചിനീയർ , PVIP ഡിവിഷൻ 1 , പെരുമ്പാവൂരിന്റെ ഉത്തരവ് നം 2473/2021/L/NOC/ Dtd 6.11.2021 പ്രകാരമുള്ള നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സ്പിൽ ഓവർ പ്രോജക്റ്റായ 24/23 നടപ്പാക്കിയിട്ടുള്ളത് . ആറു മാസമായിരുന്നു നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ കാലാവധി. പ്രസ്തുത കാലാവധി കഴിഞ്ഞതിനു ശേഷം 2022-23 വർഷം പ്രവൃത്തി നടപ്പാക്കുന്നതിന് പുതിയ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അക്വഡക്റ്റിന് മുകളിൽ കൂടെയുള്ള 154 മീറ്റർ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തിയ്ക്ക് മാത്രമാണ് 2022-23 വർഷം നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത് (കത്ത് നം ഡി4-497/2023 Dt.15.2.2023).

2) ഡിപ്പാർട്ട്മെന്റ് പാസ്സാക്കി നല്കിയിട്ടുള്ള എസ്റ്റിമേറ്റിന്റേയും പ്ലാനിന്റേയും അടിസ്ഥാനത്തിലാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. ( നിരാക്ഷേപ സാക്ഷ്യപത്ര പ്രകാരം) ഡിപ്പാർട്ട്മെന്റ് പാസ്സാക്കി നല്കിയിട്ടുള്ള എസ്റ്റിമേറ്റും പ്ലാനും പരിശോധനയക്ക് ഹാജരാക്കിയില്ല.

3) പ്രോജക്റ്റുകൾ പ്രകാരം ആകെ 615 മീറ്റർ ദൂരമാണ് പ്രവൃത്തി നടപ്പാക്കാനായിട്ടുള്ളത്. ഹാജരാക്കിയ ബിൽ പ്രകാരം 770 മീറ്റർ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട് (പ്രോജക്റ്റ് നം.04/23 പ്രകാരം ആകെ 454 മീറ്ററും, പ്രോജക്റ്റ് നം 24/23 പ്രകാരം 316 മീറ്ററും). ഇതിൽ അക്വഡക്റ്റിന് മുകളിൽ കൂടെ 154 മീറ്റർ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തിയ്ക്കാണ് 2022-23 വർഷം നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 169.66 മീറ്റർ പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. ചെയ്ത പ്രവൃത്തിയുടെ യഥാർത്ഥ ദൂരം കണക്കാക്കി അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

4) ഇറിഗേഷൻ വകുപ്പിൽ നിന്നോ , ജനങ്ങളിൽ നിന്നോ പ്രവൃത്തി നടപ്പാക്കുന്നതിന് ആവശ്യപ്പെട്ടിട്ടില്ല( ഇതു ഗ്രാമ സഭയിൽ നിന്നും ഉയർന്നുവന്ന ആവശ്യമാണ് എന്ന് മറുപടി നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല).

5) കനാലിലൂടെ ജലസേചനം നിലവിവിൽ ഉണ്ടോ എന്നും ഇറിഗേഷൻ വകുപ്പുവഴി കനാലിന് അറ്റകുറ്റപ്പണി ചെയ്ത് ജലസേചനം നടപ്പാക്കാതെ അതിന് സമാന്തരമായി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥലത്ത് പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6) പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിശദാംശങ്ങൾ .

7) തുക ചെലവഴിച്ചത് സംബന്ധിച്ച UTR സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

8) 160 MM (6Kg /Cm$^2$) PVC Pipe സ്ഥാപിക്കുന്നതിനായി രണ്ട് പ്രോജക്റ്റുകളിലും അനുവദിച്ച തുക വ്യത്യാസപ്പെട്ടിരിക്കുന്നു. യഥാക്രമം 1026.50/-, 1079.50/- എന്നീ നിരക്കിൽ . കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച 1 മീറ്റർ ഭാഗം റോഡ് മാത്രം റീടാറിംഗ് പ്രവൃത്തി ഉൾപ്പെടുത്തി (MORD Specification പ്രകാരം) നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം 285 മീറ്റർ Pipe സ്ഥാപിക്കുന്നതിനായി 15,105/- ( 1079.50- 1026.50 =53 , 53*285= 15,105/-) അധികം നല്കിയിട്ടുണ്ട് (പ്രോജ.നം 04/23 MORD Specification പ്രകാരവും,പ്രോജ.നം 24/23 DSR നിരക്കും നല്കിയതിനാലാണ് തുക വ്യത്യാസം വന്നത്.ഇത് ന്യായീകരിക്കത്തക്കതല്ല.) നിരക്ക് കണക്കാക്കിയതിലെ വ്യത്യാസം മൂലം അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. ( ബാക്കിഭാഗം മാത്രം റീടാറിംഗ്

നടത്തുന്നതിനായി തൻവർഷം 130/23 എന്ന പ്രോജക്റ്റ് പ്രകാരം നാന്തോട് റീടാറിംഗിന് തുക ചെലവു ചെയ്തിട്ടുണ്ട്. ഒരു റോഡ് വീതിയുടെ പകുതി വീതം റീടാറിംഗ് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. )

ഉത്തരവ്/ മാർഗ്ഗരേഖ ലംഘിച്ചും , അശാസ്ത്രീയമായും ( വാട്ടർ ടാങ്ക് ഇല്ല, സ്ഥാപിച്ച പൈപ്പ് ലൈനും വാൽവുകൾക്കും ഒരേ അളവായതിനാൽ ജലസേചനം ഒരു വാൽവിൽ മാത്രമേ ലഭിക്കുകയുള്ളൂ ) സ്വകാര്യ കമ്പനിയ്ക്കു വേണ്ടിയും പ്രോജക്റ്റ് നടപ്പാക്കിയതിനാൽ ഈ പ്രവൃത്തിയ്ക്കായി 2022-23 വർഷം ചെലവഴിച്ച 12,65,987-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 12 തിയതി 16.10.2023) നല്കിയതിന് മറുപടി ഹാജരാക്കിയെങ്കിലും മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.)കൂടാതെ ബ്ലോക്ക് വിഹിതം ചെലവഴിച്ച തുക കൈപ്പറ്റിയ വിവരവും തുകയുടെ ചെക്ക് നം, തീയതി തുടങ്ങിയ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3-2 നെൽകൃഷി വികസനം - സബ്സിഡി അധികം അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | S0174/23 |
| പ്രോജക്റ്റിന്റെ പേര് | നെൽകൃഷി വികസനം |
| അടങ്കൽ, ഫണ്ട് | ₹2538920/-<br>(വികസനഫണ്ട് - പൊതുവിഭാഗം : ₹1229960/-<br>ജില്ലാപഞ്ചായത്ത് വിഹിതം : ₹632000/-<br>ബ്ലോക്ക്പഞ്ചായത്ത് : ₹276500/-<br>ഗുണഭോക്തൃവിഹിതം : 400460/-) |
| ചെലവ് | ₹2131496/-<br>(വികസനഫണ്ട് - പൊതുവിഭാഗം : ₹1226976`/-<br>ജില്ലാപഞ്ചായത്ത് വിഹിതം : ₹629728/-<br>ബ്ലോക്ക്പഞ്ചായത്ത് : ₹274792/-) |
| ബിൽ നം./തിയതി | 10/12.01.23 - ₹824376/-<br>13/04.02.23 - ₹2142/-<br>17/31.03.23 – ₹400458/-<br>14/04.02.23 - ₹629728/-<br>11/12.01,23 - ₹274792/- |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ സൂചിപ്പിച്ച പ്രോജക്റ്റിൽ മുണ്ടകൻ നെൽകൃഷിക്കായി (സ്ഥിരംനെൽകൃഷി) വാളകം ഗ്രാമപഞ്ചായത്തിലെ 231 നെൽകർഷകർക്ക് കൂലിച്ചെലവ് ₹1731038/- നൽകിയിട്ടുണ്ട്. കൂടാതെ, ഇതേ കർഷകർക്ക് മേക്കടമ്പ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേന ₹400458/- വളം വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം നെൽകൃഷി വികസനം പ്രോജക്റ്റിനായി ആകെ ₹2131496/- സബ്സിഡിയായി ചെലവാക്കിയിട്ടുണ്ട്. നെൽകൃഷി വികസനം പ്രോജക്റ്റിൽ സബ്സിഡിക്കായി ലഭിച്ച അപേക്ഷകളിൽ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തി അർഹരാണെന്ന് ബോധ്യപ്പെട്ട 231 കർഷകരുടെ 79.49 ഹെക്ടർ (19628 സെന്റ്) നെൽകൃഷിക്കാണ് സബ്സിഡി നൽകിയത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ. ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.9 പ്രകാരം സ്ഥിരംനെൽകൃഷിക്ക് (ഒരു പൂകൃഷി) ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹25000/- ആണ്. ഖണ്ഡിക 6.1.9A പ്രകാരം വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉത്പാദനോപാദികൾ അനുവദിക്കുകയാണെങ്കിൽ അവയുടെ തുക കുറവ് ചെയ്ത് ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച പ്രോജക്റ്റിൽ 79.49 ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹ 1987250/- ആണ്. ഇതിൽ നിന്നും വളത്തിനായി നൽകിയ സബ്സിഡി തുക ₹400458/- കുറവ് ചെയ്യുമ്പോൾ പരമാവധി അനുവദിക്കാവുന്ന കൂലിച്ചെലവ് ₹1586792/- (1987250-400458) മാത്രമാണ്. എന്നാൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം പ്രോജക്റ്റിൽ ₹1731038/- കൂലിച്ചെലവ് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം മേൽ പ്രോജക്റ്റിൽ ₹144246/- (1731038-1586792) സബ്സിഡി അധികം അനുവദിച്ചിട്ടുണ്ട്.

ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 19/18.10.23) ഗ്രാമപഞ്ചായത്തിൽ 8 പാടശേഖരങ്ങളിലായി ആകെ 85.7 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് ധനസഹായത്തിന് അപേക്ഷ ലഭിച്ചിരുന്നുവെന്നാണ് മറുപടി ലഭിച്ചത്. എന്നാൽ, പ്രോജക്റ്റിൽ 80 ഹെക്ടർആയതിനാൽ, കണക്കാക്കി സബ്സിഡി നൽകിയതിനാലാണ് മാർഗ്ഗരേഖയിലെ

നിർദേശത്തിലും അധികമായി ധനസഹായം ലഭിച്ചതെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്റ്റിൽ 80 ഹെക്ടർ നെൽകൃഷിക്ക് സബ്സിഡി നൽകുന്നതിനാണ് അംഗീകാരം ലഭിച്ചത്. മാത്രമല്ല, കൃഷി ഓഫീസർ ലഭ്യമാക്കിയ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരവും ആകെ നെൽകൃഷി ചെയ്ത വിസ്തൃതി 79.49 ഹെക്ടർ (19628 സെന്റ്) ആണ്. ആയതിനാൽ, പ്രോജക്റ്റിൽ അംഗീകാരം ലഭിച്ചതിലും അധികം വിസ്തൃതിക്കും സബ്സിഡി നൽകിയതിനാൽ അധികം നൽകിയ ₹144246/- അധികം തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നോ, പദ്ധതി നടപ്പാക്കിയ കൃഷി ഓഫീസറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 371065 | നന്തോട് ജലസേചന പദ്ധതി (4/2023) | 371065 | 0 |
| | 449200 | ലൈഫ് ഭവനപദ്ധതി (SCP)(30/2023) | 449200 | 0 |
| | 163604 | പാലിയേറ്റീവ് കെയർ പദ്ധതി (31/2023) | 163604 | 0 |
| | 500355 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (136/2023) | 500355 | 0 |
| | 239230 | ബഡ്സ് സ്കൂൾ നടത്തിപ്പ് (101/2023) | 239230 | 0 |
| | 23616 | തരിശ് നെൽകൃഷി വികസനം (173/2023) | 23616 | 0 |
| | 125000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(44/2023) | 125000 | 0 |
| | 274792 | നെൽകൃഷി വികസനം (174/2023) | 274792 | 0 |
| ആകെ | 2146862 | ആകെ | 2146862 | 0 |
| ജില്ലാ പഞ്ചായത്ത് | 166785 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (136/2023) | 166785 | 0 |
| | 23616 | തരിശ് നെൽകൃഷി വികസനം (173/2023) | 23616 | 0 |
| | 629728 | നെൽകൃഷി വികസനം (174/2023) | 629728 | |
| | 171500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (44/2023) | 171500 | 0 |
| | 184500 | വിജയ ഭേരി സ്കോളർഷിപ്പ് | 184500 | 0 |

| | | | | |
|---|---|---|---|---|
| | | (213/2023) | | |
| ആകെ | 1176129 | ആകെ | 1176129 | 0 |

വാർഷിക ധനകാര്യ പത്രികയിലെ B4 ഷെഡ്യൂളിൽ സംയുക്ത പ്രൊജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹3,621/- ബാലൻസ് ഉണ്ട്. ഈ തുക ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പക്കൽ 400000/- ചെലവഴിക്കാതെ നിലവിലും അവശേഷിക്കുന്നതായി കാണുന്നു. ഈ തുകയുമായി ബന്ധപ്പെട്ട് പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതും, ചെലവ് കഴിഞ്ഞ് തുക ബാക്കി നിൽക്കുന്ന പക്ഷം അത് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | സ.ഉ.നം.511/2018 /ത.സ്വ.ഭ.വ. തീയതി 01.01.19 | 2480000 | 1248000 | 731510 | 0 | 516490 |

വികസനഫണ്ടിന്റെ ഉദ്ഭവത്തിൽ നിന്നുമാണ് തൻവർഷത്തെ വായ്പ തിരിച്ചടവുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിന്റെ ചെലവുകൾ S204/2023 തുക 173849, S218/2023 തുക 173849, S219/2023 തുക: 191906, S205/2023 : തുക 191906 എന്നീ പ്രോജക്ടുകളുടെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| 2021-22 | 2 (1) | 450 | മാനേജർ,വിഷൻ മോട്ടോർസ് | 1220103314/14.12.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി പ്രകാരം | 1440 | വറുഗീസ് | 1220103431/20.12.2022 |
| 2021-22 | 2 (1) | 68 | മാനേജർ, വിഷൻ മോട്ടോർസ് (Interest) | 1220103614/28.12.2022 |
| 2021-22 | ഓഡിറ്റ് എൻക്വയറി പ്രകാരം | 10695 | ജീജോ വറുഗീസ് | 1220104930/24.02.2023 |
| 2021-22 | 1(13) | 109 | ജോയി മത്തായി | 1220105263/27.03.2023 |
| 2021-22 | ഓഡിറ്റ് എൻക്വയറി പ്രകാരം ,തൊഴിൽ നികുതി | 5040 | മേരി മാതാ ബൈൻഡിംഗ് ഇൻഡ്രസ്ട്രീസ് | 1220106066/24.03.2023 |

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| ആകെ | | 17802 | | |

4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 3-1, 3-12 | 2005-06 | 2.51.3 | കുടിവെള്ള പരിപാലനം | C3-646 / 30.10.15 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |
| 1995-96 | 7 | 2006-07 | 3.46.1 | മണൽ ലേലത്തുക അടവ് | C/2738 /2010/21.06.10, 25.9.14,04.06.19 എന്നീ തീയതികളിൽ തീർപ്പാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,03,55,656 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,70,63,189 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 14,10,233/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,30,208 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | ₹ 12,65,987 | 1.₹ 3,99,956/-ശ്രീമതി.യമുന.ബി അസിസ്റ്റന്റ് എൻജിനിയർ 2.₹ 8,66,031/- ശ്രീ.പോളി ഇടയനൽ,അസിസ്റ്റന്റ് എൻജിനിയർ |
| 3-2 | | ₹144246/- | ശ്രീമതി വിദ്യ സോമൻ, കൃഷി ഓഫീസർ |
| ആകെ | | ₹ 14,10,233 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹ 107173 | ഡോ.ബിനീഷ.ഇ മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-16 | ₹ 6235 | ഡോ.വന്ദന ഗോപാലകൃഷ്ണൻ ,മെഡിക്കൽ ഓഫീസർ,ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി |
| 1-25 | ₹ 16800 | ശ്രീ.പോളി ഇടയനൽ,അസിസ്റ്റന്റ് എൻജിനിയർ |
| | ₹1,30,208 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീ.പോളി ഇടയനൽ,അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ , വാളകം ഗ്രാമപഞ്ചായത്ത് | ഇടയനാൽ ഹൌസ്,പഴന്തോട്ടം പി ഒ, കുമാരപുരം |
| ശ്രീമതി.യമുന.ബി അസിസ്റ്റന്റ് എൻജിനിയർ | വിരമിച്ചു. | കുർക്കപറമ്പിൽ ഹൌസ് ,തൃക്കളത്തൂർ പിഒ, കുവപ്പടി |
| ഡോ.ബിനീഷ.ഇ മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി വാളകം | E-308,Confident Cygnus 111,<br>പുക്കാട്ടുപടി , എടത്തല P.O |
| ഡോ.വന്ദന ഗോപാലകൃഷ്ണൻ ,മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ,ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി | മിഥുനം, കോതകാരിപ്പറമ്പ് ഹൌസ്,തിരുവാങ്കുളം |
| ശ്രീമതി. വിദ്യാ സോമൻ ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, വാളകം | കംമ്പോളത്തറ ഹൌസ്, പൂണിത്തുറ പി.ഒ, തൃപൂണിത്തുറ |
| ശ്രീമതി.അനിത.കെ.കെ. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത് | തച്ചംതറ (ഹൗസ്), വളയംചിറങ്ങര .പി.ഒ), പെരുമ്പാവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1997-98 | 6 | കെ.എസ്.എ-ഇ.കെ.എം (പി14)504(i)2018/24.05.2019 |
| 1998-99 | 6 | കെ.എസ്.എ-ഇ.കെ.എം (പി14)504(ii) 2018/24.05.2019 |

| | | |
|---|---|---|
| 1999-00 | 3.1,3.2,35,36,37 | കെ.എസ്.എ-ഇ.കെ.എം (പി14)504(iii) 2018/24.05.2019 |
| 2000-01 | 28,34,37 | കെ.എസ്.എ-ഇ.കെ.എം (പി14)504(iv) 2018/24.05.2019 |
| 2001-02 | 7 | കെ.എസ്.എ-ഇ.കെ.എം (പി14)504(v) 2018/24.05.2019 |
| 2003-04 | 3-2(c),3-3,3-5 | കെ.എസ്.എ-ഇ.കെ.എം (പി14)504(vii) 2018/24.05.2019 |
| 2004-05 | 2-1, 2-2, 3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11 | എൽ എഫ് ഇ (പി 5)1450/08, തീ. 01.02.10 |
| 2005-06 | 2-1, 2-2,2-4,2-5, 3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10 | എൽ എഫ് ഇ (പി 8)605/08, തീ. 03.05.2012 |
| 2006-07 | 1-4,1-5,1-6,2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5,3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14,3-15,3-16,3-17 | എൽ എഫ് ഇ (പി 8)781/12, തീ. 02.06.2012 |
| 2007-08 | 2-1,2-3,2-4,2-4,3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10,3-11, 3-12 (A),3-12 (B),3-13,3-14,3-15, 3-16,3-17,3-18,3-19,3-20,3-21, 3-22,3-23,3-24,3-25,3-26, 3-27,3-28,3-29 | എൽ. എഫ്. ഇ. (പി 5)401/09, തീ. 14.01.10 |
| 2009-10 | 2-2,2-3,2-4,2-6,2-7,3-1,3-6,3-9, 3-10,3-12,3-13,3-14 | എൽ. എഫ്. ഇ. (പി 8)552/12, തീ. 3.05.12 |
| 2008-09 2010-11 2011-12 | 2-1,3-2(a),3-3,3-4,3-6,3-7,3-8, 3-9,3-10 | എൽ. എഫ്. ഇ. (പി 8)694/09, തീ. 14.01.10 |
| 2012-13, 2013-14 | 2-3,2-4,3-1,3-2,3-6,3-7,3-9 | എൽ. എഫ്. ഇ. (പി 13)1871/15, തീ. 16.03.16 |
| 2014-15 | 3-1,3-2,3-3,3-4,3-5,3-6 | കെ.എസ്.എ-ഇ.കെ.എം. (പി14)1309/2016 തീ.05.08.2016 |
| 2015-16 | 2-2(1),3-1,3-3 | കെ.എസ്.എ-ഇ.കെ.എം (പി14)2351/ 2018/7.05.2019 |
| 2016-17 | 3-1,3-2,3-3,3-4 | കെ.എസ്.എ-ഇ.കെ.എം (പി14)1908/ 17/22.05.2018 |
| 2017-18 | 3-1,3-2,3-3,3-6,3-9 | കെ.എസ്.എ-ഇ.കെ.എം (പി14)2321/ 2018/17.02.2019 |
| 2018-19 | 1-12,1-13(a),1-13(b),1-14(a), 1-19,1-21 | കെ.എസ്.എ-ഇ.കെ.എം (പി14)136/ 2020/30.06.2020 |
| 2019-20 | 1-2,2-1,1-6,1-10,1-15,1-16, 1-18,1-20,1-21,1-24 | കെ.എസ്.എ-ഇ.കെ.എം (പി14)1157/ 2021/30.08.2022 |
| 2020-21 | 1-16,1-17,1-18,1-20,1-21,1-23, 1-24,1-25 | കെ.എസ്.എ-ഇ.കെ.എം (പി14)1158/ 2021/30.08.2022 |
| 2021-22 | 1-13,1-14,1-15,1-16,1-17,1-18, 1-20,3-1 | കെ.എസ്.എ-ഇ.കെ.എം (പി14)1727/ 2022/09.11.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 9/1 dated 07-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Valakom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Valakom Grama Panchayat for the year 2022-2023

Date: 15/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Valakom Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes on Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2. Cash Flow statement Net increase/decrease in cash flow does not match with difference between

opening balance and closing balance of cash and cash equivalents.

3. Bank account (Numbers 857710110008060, 857710110006653, 857710110006679) for various purpose is not incorporated in Annual Financial Statements .

4. Difference is seen in the closing balance of the bank account no. 857710110007424 with the amount shown in the RP 40(b)schedule of the Annual Financial Statement .

5. Finance Commission Grant expenditure is mismatch with Appropriation Control Register.

6. E-Tender fee is not included in Balance sheet as asset in B-15 Schedule

7. Property Tax DCB in AFS is not in tally with the DCB in Sanchaya Statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്